(സി) ഈ കേസ്സിൽ പ്രതികളായവർക്ക് കോടതി ജാമ്യം അനുവദിക്കാതിരുന്നതിന് പറഞ്ഞ കാരണം എന്താണ്;

(ഡി) ജാമ്യം ലഭിക്കാതിരുന്ന പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചുവോ; എങ്കിൽ എന്നാണ് അറസ്റ്റു ചെയ്തതെന്നും അവരിപ്പോൾ എവിടെ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) കേസ്സിനാസ്പദമായ തൊണ്ടി സാധനങ്ങൾ എന്തെല്ലാമാണെന്നും അത് എത്ര വീതമുണ്ടെന്നും കണക്കാക്കിയിരുന്നോ; എങ്കിൽ വിശദമാക്കുമോ; തൊണ്ടി സാധനങ്ങൾ നഷ്ടപ്പെടാതിരിക്കാനും കേസ്സിൽ തീർപ്പ് ഉണ്ടാക്കുന്നതിനും അടിയന്തിരനടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം 106/99-ാം നമ്പർ കേസ്സ് രജിസ്റ്റർ ചെയ്തത് സെക്ഷൻ 395 ഐ.പി.സി. പ്രകാരമാണ്. തുടർന്നുള്ള അന്വേഷണത്തിൽ സെക്ഷൻ 395 ഐ.പി.സി. കുറവു ചെയ്യുകയും സെക്ഷൻ 143, 149, 456, 506(1), 379, 380 ഐ.പി.സി. വകുപ്പുകൾ ചേർത്ത് അതുപ്രകാരം തിരുവനന്തപുരം സിറ്റി ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് കമ്മീഷണർ ഈ കേസ്സിന്റെ അന്വേഷണം നടത്തിവരികയുമാണ്.

(സി)&(ഡി) ഈ കേസ്സിലെ പ്രതികൾക്കെല്ലാം കോടതിയിൽനിന്നും ജാമ്യം അനുവദിച്ചിട്ടുണ്ട്.

(ഇ) കേസ്സിനാസ്പദമായ തൊണ്ടിസാധനങ്ങൾ ഉരുളൻ തടികളും തടികളിൽ തീർത്ത ഉരുപ്പടികളുമാണ്. മോഷണംപോയ തടികൾ പോലീസ് ബന്തവസ്സിൽ സൂക്ഷിച്ചുവരുന്നതും, ആവലാതിക്കാരൻ രാജേന്ദ്രൻ പ്രസ്തുത തടിയുടെ അളവും വിലയും നിശ്ചയിക്കുന്നതിന് കമ്മിഷനെ വയ്ക്കണമെന്ന് കാണിച്ച് തിരുവനന്തപുരം സബ്കോടതി രണ്ടിൽ ഫയൽ ചെയ്ത് പെറ്റിഷൻ ഒ.എസ്.നം.201/99 ആയി സ്വീകരിച്ച് സോഷ്യൽ ഫോറസ്ട്രി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനേയും, വഞ്ചിയൂർ ബാറിലെ അഡ്വക്കേറ്റായ ശ്രീ. രാജീവിനെയും കമ്മിഷനായി നിയമിച്ചിട്ടുള്ളതുമാണ്.

84 (2395) കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ സംഘട്ടനങ്ങൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളിൽ ഏതൊക്കെ രാഷ്ട്രീയ പാർട്ടികൾ കക്ഷികളായിരുന്നു.

(ബി) സംഭവവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഇതിൽ പ്രതികളായവർ ഏതേത് രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണെന്ന് പേർ വിവരംസഹിതം വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സി.പി.ഐ.(എം) ഉം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും കക്ഷികളായിരുന്നു.

(ബി) സംഭവവുമായി ബന്ധപ്പെട്ട് 60 പേരെ അറസ്റ്റ്ചെയ്തിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

85 (2396) കൃത്രിമരേഖയുണ്ടാക്കി എസ്.ബി.ടി.യിൽനിന്നും പണം അപഹരിച്ച കേസ്സ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നഗരസഭയിലെ 9-ാം വാർഡ് എ.ഡി.എസ്. ചെയർപേഴ്സൺ എസ്.ബി.ടി.യിൽനിന്നും കൃത്രിമരേഖയുണ്ടാക്കി ഒരു ലക്ഷത്തിഅറുപതിനായിരം രൂപ അപഹരിച്ചത് സംബന്ധിച്ച് നെടുമങ്ങാട് പോലീസ് എന്തെങ്കിലും കേസ്സ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കേസ്സ് എടുത്തത്;

(ബി) പാവപ്പെട്ട സ്ത്രീകളിൽനിന്നും പിരിച്ചെടുത്ത തുക മടക്കിക്കൊടുക്കുവാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) എ.ഡി.എസ്.ന്റെ പ്രവർത്തനത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ 11-3-2000-ൽ ക്രൈം 118/2000 യു.എസ്. 406 ഐ.പി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രതിയായി പറയുന്ന എ.ഡി.എസ്. ചെയർ പേഴ്സൺ ശ്രീമതി ശാന്തകുമാരി ഒളിവിലാണ്.

(സി) ആവശ്യമെന്ന് കണ്ടാൽ പരിഗണിക്കുന്നതാണ്.

86 (2397) മാനന്തവാടിയിൽ നിലവിലുണ്ടായിരുന്ന സബ്ജയിൽ തുറക്കാൻ നടപടി

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ ഒരു സബ്ജയിൽ പ്രവർത്തിച്ചിരുന്നുവോ; അതിന്റെ പ്രവർത്തനം നിലച്ച് അടച്ചിട്ടിരിക്കുകയാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly